വളർത്തിയെടുക്കുന്നതിന് കിടാരി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക എന്നിവയിലൂടെ ഉപജീവനത്തിന് വേണ്ടിയുള്ള ക്ഷീരോൽപ്പാദന പ്രവർത്തനങ്ങളിൽ നിന്നും സാങ്കേതിക സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോൽപ്പാദനത്തിലേക്ക് മാറി പാലുൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ച് ക്ഷീരമേഖല സ്വയംപര്യാപ്തമാക്കുക എന്നതാണ് വിവിധ പദ്ധതികളിലൂടെ വകുപ്പ് ലക്ഷ്യമിടുന്നത്.

മിൽമയുടെ മേഖലാ യൂണിയനുകൾ പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സ്വന്തം ഫണ്ട് ഉപയോഗിച്ചും കേന്ദ്ര/സംസ്ഥാന ഗവൺമെന്റുകളുടെ ധനസഹായത്തോടുകൂടിയും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാൽ, അവരുടെ ആവശ്യകതയിലേക്ക് അധികം വരുന്ന അളവിന് സ്ഥിരമായ വിപണി കണ്ടെത്തുകയും ന്യായവില ഉറപ്പുവരുത്തുകയും ചെയ്യുക എന്നതാണ് മിൽമയുടെ ലക്ഷ്യം. പാലിന്റെ ഉൽപ്പാദനം, ഗുണനിലവാരം, വിപണനം എന്നിവ വർദ്ധിപ്പിക്കുക, കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിറ്റഴിച്ച് കർഷകർക്ക് പരമാവധി വിലയും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുക, പാലിന്റെ സംസ്കരണശേഷി വർദ്ധിപ്പിക്കുക, ക്ഷീരോൽപ്പാദക മേഖലകളിൽ കർഷകരെ നിലനിർത്തുകയും സംസ്ഥാനം പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയും ചെയ്യുക എന്നിവ ഇതിൽ ഉൾപ്പെടുന്നു.

(സി) ക്ഷീരകർഷകർ, കുടുംബശ്രീ, സ്വയംസഹായസംഘങ്ങൾ, വിവിധ ബാങ്കുകൾ ധനകാര്യസ്ഥാപനങ്ങൾ, മൃഗസംരക്ഷണവകുപ്പ്, മിൽമ മേഖലായൂണിയനുകൾ, കെ.എൽ.ഡി. ബോർഡ് തുടങ്ങിയവർ ഇതുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

(ഡി) ഇത് നടപ്പാക്കാൻ, വിവിധ പദ്ധതികൾ ആവിഷ്കരിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിനനുസരിച്ച് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ വകുപ്പ് എടുത്തിട്ടുണ്ട്. അധിക തുക ആവശ്യമുള്ള പദ്ധതികൾക്ക് എസ്.ഡി.ജി പ്രൊപ്പോസലുകളും സമർപ്പിച്ചിട്ടുണ്ട്.

## ക്ഷീരകർഷകർക്കുള്ള സബ്സിഡി

**63 (4098)** ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകർക്ക് ഇപ്പോൾ പാലുല്പാദനത്തിനായി നല്കിവരുന്ന സബ്സിഡി തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അയൽസംസ്ഥാനങ്ങളിൽ ക്ഷീരകർഷകർക്ക് നല്കിവരുന്ന സബ്സിഡി ഇവിടുത്തെ കർഷകർക്ക് നല്കുന്നതിനേക്കാൾ കൂടുതലാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ ;

(സി) എങ്കിൽ സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് അതിനനുസൃതമായി സബ്സിഡി തുക വർദ്ധിപ്പിച്ചു നല്കുമോ ?

ഉത്തരം

(എ) ക്ഷീരോൽപ്പാദനച്ചെലവ്, സ്ഥലപരിമിതി, രോഗങ്ങൾ എന്നിവമൂലം ചെലവ് കൂടുന്നതിനാലും പ്രത്യേകിച്ച് കാലിത്തീറ്റച്ചെലവ് കേരളത്തിൽ അയൽ സംസ്ഥാനങ്ങളെക്കാൾ കൂടുതലായതിനാലും കേരളത്തിൽ ക്ഷീരകർഷകർക്ക് നിലവിൽ പാലുൽപ്പാദനത്തിനായി നൽകുന്ന സബ്സിഡി തൃപ്തികരമാണെന്ന് കരുതുന്നില്ല.

(ബി) ഉണ്ട്. അയൽസംസ്ഥാനങ്ങളായ കർണ്ണാടകയിൽ സഹകരണ സംഘങ്ങൾ മുഖേന സംഭരിക്കുന്ന പാലിന് ലിറ്ററിന് നാല് രൂപ നിരക്കിൽ ഇൻസെന്റീവ് നൽകി വരുന്നുണ്ട്. തമിഴ്നാട്ടിൽ ക്ഷീരസഹകരണ യൂണിയനുകൾ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന അധികനിരക്ക് മാത്രമേ നൽകിവരുന്നുള്ളൂ. കേരളത്തിൽ സംസ്ഥാന പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി ലിറ്ററിന് ഒരു രൂപ നിരക്കും ത്രിതല പഞ്ചായത്ത് പദ്ധതികളിൽപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലിറ്ററിന് പരമാവധി മൂന്ന് രൂപയുമാണ് കാലിത്തീറ്റ സബ്സിഡിയായി നൽകിവരുന്നത്.

(സി) സബ്സിഡി തുക വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

## സി-ഡിറ്റിന് കെട്ടിട നിർമ്മാണം

**64 (4099)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം പട്ടത്ത് സി-ഡിറ്റിന് സർക്കാർ അനുവദിച്ച ഭൂമിയിൽ ഇക്കഴിഞ്ഞ 4 വർഷത്തിനുള്ളിൽ സി-ഡിറ്റിന് കെട്ടിട നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

സി-ഡിറ്റിന്റെ 18-ാം ഗവേണിംഗ് ബോഡിയുടെ 11-4-2012 ലെ തീരുമാനപ്രകാരം പട്ടത്ത് ആസ്ഥാനമന്ദിരം നിർമ്മിക്കുന്നതിനുള്ള ചുമതല ബി.എസ്.എൻ.എൽ. സിവിൽ വിംഗിനെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിരുന്നു. തുടർന്ന് ബി.എസ്.എൻ.എൽ.-ഉം

LIBRARY ARCHIVES Kerala Legislative Assembly